114SS
1/11/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - മലപ്പുറം ജില്ലയിൽ പിതാവിന്റെ പീഡനത്തിനിരയായ റോഷ്നയുടെ ചികിത്സാ ചെലവ് - ആദ്യ ഗഡു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 647/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 28.10.2014.

==========================================================================

പരാമർശം:- 23.10.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഐ.സി.പി.എസ്.1/31049/14 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കരിപ്പൂരിൽ ഏഴ് വയസ്സുള്ള റോഷ്നയെ പിതാവ് തിളച്ച എണ്ണ ഒഴിച്ച് പരിക്കേൽപ്പിക്കുകയും 75 ശതമാനം പൊള്ളലേറ്റ് ഗുരുതരാവസ്ഥയിൽ കോഴിക്കോട് കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ ചികിത്സയ്ക്ക് ഇതിനകം ചെലവഴിച്ച തുകയായ 99,703/- രൂപ മലപ്പുറം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ ചുമതല വഹിക്കുന്ന ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് ഐ.സി.പി.എസ്-ന്റെ 2235-02-102-61 (പി) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ കരിപ്പൂരിൽ പിതാവിന്റെ പീഡനത്തിനിരയായ റോഷ്നയുടെ ചികിത്സയ്ക്കായി ഇതിനകം ചെലവഴിച്ച 99,703/- രൂപ (തൊണ്ണൂറ്റിയൊൻപതിനായിരത്തി എഴുന്നൂറ്റി മൂന്ന് രൂപ) ഒന്നാം ഗഡുവായി മലപ്പുറം ജില്ലാ പ്രൊട്ടക്ഷൻ ഓഫീസറുടെ ചുമതല വഹിക്കുന്ന ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് ഐ.സി.പി.എസ്-ന്റെ 2235-02-102-61 (പി) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൻ.ബി.കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
✓വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ഓഫീസർ.